# കയർപിരി സംഘങ്ങൾക്ക് 7.74 കോടി

തിരുവനന്തപുരം: പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസന്റീവ് പദ്ധതി പ്രകാരം കയർപിരി മേഖലയിലെ 584 സഹകരണ സംഘങ്ങൾക്ക് 7.74 കോടി രൂപ കൂടി സംസ്ഥാന സർക്കാർ അനുവദിച്ചു.

സംഘങ്ങളുടെ ഉത്പാദന വിപണന ഇൻസെന്റീവുകളുമായി ബന്ധപ്പെട്ട കുടിശിക തീർക്കാൻ തുക വിനിയോഗിക്കും. കയർ സഹകരണ സംഘങ്ങൾക്ക് എം.ഡി.എ, പി.എം.ഐ, ഐ.എസ്.എസ് പദ്ധതികൾക്കായി 28.71 കോടി രൂപ ഇതിനോടകം നൽകിയിട്ടുണ്ട്. ഐ.എസ്.എസ് പദ്ധതിക്കായി 10 കോടി രൂപ കൂടി തൊഴിൽ വകുപ്പിൽ നിന്ന് ലഭ്യമാക്കും.